LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള ഒഴിവുകൾ

169 (1133) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ 2011 മാർച്ച് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുണ്ട് ;

(ബി) ഇങ്ങനെ ഉണ്ടാകാൻ സാധ്യതയുള്ള മുഴുവൻ ഒഴിവുകളിലേക്കും നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത തസ്തികകളിൽ ഇപ്പോൾ ദിവസവേതനാടിസ്ഥാനത്തിലാണോ കരാറടിസ്ഥാനത്തിലാണോ ജീവനക്കാർ ജോലി ചെയ്യുന്നത് ; എങ്കിൽ എത്രപേർ ;

(ഡി) കരാറടിസ്ഥാനത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ തസ്തികകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ഇ.ബി. കമ്പനിവത്ക്കരണവുമായി ബന്ധപ്പെട്ട് ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്താതെ മാറ്റിവച്ചിരിക്കുന്നതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) ഈ തസ്തികകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

കെ.എസ്.ഇ.ബി.-യുടെ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുവാൻ നടപടി

170 (1134) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ചാലക്കുടി ഡിവിഷന് കീഴിലുള്ള ചാലക്കുടി, കൊരട്ടി, പരിയാരം സെക്ഷൻ ഓഫീസുകളിലെ ഉപഭോക്താക്കളുടെ ബാഹുല്യവും ഭൂമിശാസ്ത്രപരമായ വിസ്തൃതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?